ശ്രീ. ഈ. പി. ഗോപാലൻ : അതുവരെ ഈ റോഡുകൾ ഒന്നും സംരക്ഷണം നടത്താതെ നാശമാക്കിക്കളയണമെന്നാണോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇപ്പോഴുംതന്നെയും ഈ പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകളുടെ മെയിൻറനൻസിനുവേണ്ടി ചെറിയ ഗ്രാൻറു കൊടുക്കുന്നുണ്ട്. അതു പര്യാപ്തമാണോ അപര്യാപ്തമാണോ എന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : പഞ്ചായത്തു ആക്ററു നടപ്പിൽ വന്നതനുസരിച്ചു ഇതേവരെ ഈ മെയിൻറനൻസു ഗ്രാൻറു കൊടുത്തിട്ടില്ല. എന്നാൽ മലബാർ ഡിസ്ട്രിക്ററു ബോർഡിൻറെ കീഴിൽ ധാരാളം സംഖ്യ കെട്ടിക്കിടപ്പുണ്ട്. അതു ഈ ആവശ്യത്തിലേയ്ക്കു വിനിയോഗിക്കുന്ന കാര്യം ആലോചിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അങ്ങനെ ധാരാളം സംഖ്യ കെട്ടിക്കിടപ്പുള്ളതായി അറിവില്ല. അക്കാര്യം ഞാൻ പരിഗണിക്കാം.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : എന്തടിസ്ഥാനത്തിലാണ് ഈ പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകൾ ഏറെറടുക്കാൻ പോകുന്നതു്. രണ്ടു താലൂക്കുകളിലായി കിടക്കുന്നതും മൂന്നോ നാലോ പഞ്ചായത്തുകളിലായി കിടക്കുന്നതുമായ റോഡുകളെ സംബന്ധിച്ചിടത്തോളം അതിൻറെ മെയിൻറനൻസിനോ, അല്ലെങ്കിൽ മറുവിധത്തിൽ നന്നാക്കിത്തീർക്കുന്നതിനോ ? എങ്ങനെയാണെങ്കിലും, കണ്ണൂർ ജില്ലാവികസന കൗൺസിൽ പ്രമേയം പാസ്സാക്കി അയച്ചിട്ടുള്ള ചില പ്രധാന റോഡുകളുടെ കാര്യത്തിൽ ഗവണ്മെൻറു എന്തു നടപടിയാണു സ്വീകരിക്കാൻ പോകുന്നതു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : സർ, അതാണല്ലോ ഇവിടെ ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി പറഞ്ഞതു് ; അങ്ങനെ പഞ്ചായത്തുകളും തന്നെ ചില റോഡുകളും പി. ഡബ്ലിയു. ഡി. യെ ഏൽപ്പിക്കണം എന്നുള്ള ഒരു ആവശ്യവും പൊങ്ങിവന്നിട്ടുണ്ടു് എന്നു്. ഒരു പഞ്ചായത്തിനപ്പുറത്തുള്ള റോഡുകളും എങ്ങനെയാണു് മെയിൻറനൻസു നടത്തേണ്ടതു എന്നുള്ളതിനെപ്പററി എന്തു വ്യവസ്ഥയാണു ചെയ്യേണ്ടതു് എന്നു ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അതിനുമുമ്പു് അതേപ്പററി മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ എൽ. ഡി. വർക്കു് എന്നുള്ള നിലയിൽ ആയിരവും അൻപതിനായിരവും രൂപ ചെലവുചെയ്തു വില്ലേജു് റോഡുകളും നിർമ്മിച്ചിട്ടുണ്ടു്. എന്നാൽ അതിനുശേഷം ആ റോഡുകൾക്കു യാതൊരു സംരക്ഷണവുമില്ല. അതു സംബ്ധിച്ചെയ്തു പഞ്ചായത്തിലോ മറു ഉത്തരവാദപ്പെട്ട സ്ഥാപനങ്ങളേയോ ഏൽപ്പിച്ചിട്ടില്ല. അങ്ങനെ ലക്ഷക്കണക്കിനു രൂപ ചെലവുചെയ്തുണ്ടാക്കിയിട്ടുള്ള റോഡുകൾ അനാഥമായി പോകുന്നതു തടയാൻ ഗവണ്മെൻറിനു വല്ല നടപടിയുമുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : എൽ. ഡി. വർക്കിൽപ്പെട്ട റോഡുകൾ നാട്ടുകാരുടെ സഹകരണത്തോടുകൂടി നിർമ്മിച്ചിട്ടുള്ളവ പഞ്ചായത്തിൽ നിക്ഷിപ്തമാണു്. അവ മെയിൻറയിൻ ചെയ്യാനുള്ള പണം ഗവണ്മെൻറിനു കുറവാണു്. അതിനുള്ള ഒരു തീരുമാനമുണ്ടായാൽ എല്ലാം ശരിയാകും.

ഇലക്ട്രിസിററി ഉൽപ്പാദനം

* 732. [7] ശ്രീ. എൻ. മോസ്ക്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സമയം മറുപടി നൽകുമോ :

(എ) മലമ്പുഴ ഡാമിൽനിന്നുള്ള വെള്ളമുപയോഗിച്ചു് ഇലക്ട്രിസിററി ഉൽപ്പാദിപ്പിക്കാൻ ഉള്ള സാദ്ധ്യതയെപ്പററി ആലോചിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആലോചനയുടെ ഫലമെന്താണു് ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ, ബി) മലമ്പുഴ ഡാമിന്റെ പണി നടത്തിയ കാലത്തു് അതിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും ആലോചിച്ചിരുന്നു. എന്നാൽ അതു സാമ്പത്തികമായി ലാഭകരമല്ലെന്നാണു് പിന്നീടുള്ള വിദഗ്ദ്ധ പരിശോധനയിൽനിന്നും കണ്ടിട്ടുള്ളതു്.

ഇടുക്കി പദ്ധതിമൂലം കല്ലാർ പട്ടം കോളനിയിൽ കുടിയിറക്കേണ്ടി വരുന്നവർ

* 733. [8] ശ്രീ. കെ. ഹസ്സൻഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി പദ്ധതി നടപ്പിൽവരുമ്പോൾ കല്ലാർപട്ടം കോളനിയിൽ എത്ര ഏക്കർ സ്ഥലം വെള്ളത്തിനടിയിൽ ആകുവാൻ ഇടയുണ്ടെന്നു് കണക്കാക്കീട്ടുണ്ടോ ;

(ബി) അതുമൂലം എത്ര കുടുംബങ്ങളെ കുടിയിറക്കേണ്ടി വരും ;

(സി) അങ്ങനെ കുടിയിറക്കാൻ ഇടയുള്ളവർക്കു് പകരംഭൂമി നൽകാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എവിടെ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) കല്ലാർപട്ടം കോളനിയിൽപ്പെട്ടതോ, സമീപപ്രദേശത്തുള്ളതോ ആയ ഒരു സ്ഥലവും ഇടുക്കി പദ്ധതി നടപ്പിൽവരുമ്പോൾ വെള്ളത്തിനടിയിലാവാൻ ഇടയില്ല.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

ആം'ഡ് റിസർവ്വിന്റെ ആവശ്യത്തിനു കാർട്ടേഴ്'സ് പണി

* 734. [9] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആം'ഡ് റിസർവ്വിന്റെ ആവശ്യത്തിനു് കാർട്ടേഴ്'സ് പണിയാൻ എവിടെയെല്ലാം നടപടികളെടുത്തുവരുന്നുണ്ടു് ;

(ബി) തുപ്പണിത്തുറയിൽ ഇതിനുവേണ്ടി ചെയ്തിട്ടുള്ളതും ചെയ്യാൻ പോകുന്നതുമായ പണികളെന്തെല്ലാമാണു് ;

(സി) പുതിയ കാർട്ടേഴ്'സിലേക്കു ക്യാമ്പു മാറുന്നതോടെ എറണാകുളത്തും, തുപ്പണിത്തുറയിലും ഇപ്പോഴുള്ള കെട്ടിടങ്ങൾ എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു ; ഇവിടേയ്ക്കു ഏതെങ്കിലും ഗവണ്മെന്റു് ആഫീസുകൾ മാറ്റാൻ നിർദ്ദേശം ഉണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഈ കെട്ടിടങ്ങൾ വെറുതെ ഇടാതെ ഇപ്പോൾ വാടകക്കെട്ടിടങ്ങളിൽ നടക്കുന്ന ആഫീസുകളിൽ ചിലതു് ഈ കെട്ടിടങ്ങളിലേക്കു മാറ്റാൻ നടപടികളെടുക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ കാർട്ടേഴ്'സ് പണിയാൻ നടപടി എടുത്തുവരുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly